03/01/2022

30/11/2021


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ **AP.No.2727(5)/19/SIC**

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## **File No. 21346/SIC-G7/2019**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി: 30.11.2021**

**ശ്രീ. എം. എൻ. ജയറാം,**
**പിഷാരികോവിൽ വാര്യം,**
**എരൂർ, തൃപ്പൂണ്ണിത്തുറ,**
**പിൻ – 682 306.**

} **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**കൊച്ചിൻദേവസ്വം,**
**തൃപ്പൂണിത്തുറ ഗ്രൂപ്പ്,**
**തൃപ്പൂണിത്തുറ, പിൻ – 682 301**

**അപ്പീൽഅധികാരി,**
**ദേവസ്വം അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം,**
**തൃപ്പൂണിത്തുറ ഗ്രൂപ്പ്.**

} **എതിർകക്ഷികൾ**

## അന്തിമ ഉത്തരവ്

1. അപ്പീൽഹർജിക്കാരനായ ശ്രീ. എം. എൻ. ജയറാം 23.12.2019 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ AP No. 2727(5)/19/SIC ആയി ഫയലിൽ സ്വീകരിച്ച് 2020 ഒക്ടോബർ മാസം 25–ാം തീയതി തീർപ്പാക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ , വിവരാവകാശ അപേക്ഷയ്ക്ക് നിരുത്തരവാദപരമായ മറുപടി നൽകിയ പി.ഐ.ഒയ്ക്കെതിരെ താൽക്കാലിക ശിക്ഷാ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം വിശദീകരണവും 07.08.2019 ലെ വിവരാവകാശ അപേക്ഷയിലെ 6,7 ചോദ്യങ്ങൾക്ക് വിവരം നൽകാനും നിർദ്ദേശിച്ചിരുന്നു.
2. കമ്മീഷൻ ഉത്തരവിലെ നിർദ്ദേശം അനുസരിച്ച് പി.ഐ.ഒ മറുപടി നൽകുകയും കമ്മീഷൻ മുമ്പാകെ വിശദീകരണം സമർപ്പിക്കുകയും ഉണ്ടായി. പ്രസ്തുത വിശദീകരണം ലഭ്യമാകാത്തതിനെ തുടർന്നും കമ്മീഷൻ ഉത്തരവിലെ നിർദ്ദേശത്തെ തുടർന്ന് നൽകിയ മറുപടിയും തെറ്റാണെന്ന് അപ്പീൽഹർജിക്കാരൻ അറിയിച്ചതിനെ തുടർന്നും ഒരിക്കൽ കൂടി പി.ഐ.ഒ ശ്രീ. പി.ബി. ബിജുവിനെ 22.07.2021 തീയതി ടെലഫോൺ മുഖാന്തിരം കേൾക്കുകയുണ്ടായി.

3. തൃപ്പൂണ്ണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രത്തിലെ നിത്യനിദാനത്തിന് പ്രതിമാസം 1000/- രൂപയാക്കി നിജപ്പെടുത്തി കൊച്ചിൻ ദേവസ്വം ബോർഡിന്റെ 14.07.11 തീയതിയിലെ എ4.5857/11 നമ്പർ പ്രകാരം അനുവദിച്ച് വന്നിരുന്നു എന്നും തുടർന്ന് 08.11.2011 ലെ എ4.5857/11 പ്രകാരം 1500/- രൂപയാക്കി നാളിതുവരെ അനുവദിച്ചു വരുന്നുണ്ട് എന്നും ക്ഷേത്രത്തിലെ ആണ്ട് വിശേഷങ്ങൾക്കെല്ലാം ബോർഡിന്റെ പ്രത്യേകം എസ്റ്റിമേറ്റ് പ്രകാരമാണ് സംഖ്യകൾ അനുവദിച്ച് നൽകി വരുന്നത് എന്നും ആയത് പടിത്തരം പ്രകാരമല്ല അനുവദിച്ച് വരുന്നതെന്നും പന്തീരുനാഴി പായസത്തിന്റെ ബുക്കിങ്ങ് നടത്തുന്നത്, പായസം നിവേദ്യം വയ്ക്കുന്നതിനുള്ള ഉരുളി, പാത്രങ്ങൾ എന്നിവയുടെ ലഭ്യത അനുസരിച്ചും പായസം നിവേദ്യം വയ്ക്കുന്ന ശാന്തിക്കാരന് എത്ര അധികം പായസം വയ്ക്കാൻ പറ്റുമെന്ന കണക്കിലുമാണ് എന്നുമാണ് പി.ഐ.ഒ അറിയിച്ചിട്ടുള്ളത്.

എന്നാൽ കമ്മീഷൻ ഉത്തരവ് നൽകിയിട്ടും കളവായ മറുപടി നൽകി കമ്മീഷനെയും അപ്പീൽഹർജിക്കാരനെയും തെറ്റിദ്ധരിപ്പിക്കുന്നു എന്ന് അറിയിച്ചു കൊണ്ട് അപ്പീൽവാദി 18.12.2020 തീയതി കത്ത് അയയ്ക്കുകയുണ്ടായി. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടിയാന് മറുപടി നൽകിയിട്ടുണ്ട് എന്ന് എസ്.പി.ഐ.ഒ അറിയിക്കുന്നുണ്ട് എങ്കിലും വിവരം ലഭ്യമായിട്ടില്ല എന്ന പരാതി ഇപ്പോഴും നിലനിൽക്കുന്നതിനാൽ ഒരിക്കൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ അയച്ചു നൽകേണ്ടതാണെന്ന് പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. വിശദീകരണം പൂർണ്ണമായി തൃപ്തികരമല്ലെങ്കിലും മൊത്തത്തിലുള്ള വസ്തുതകൾ വിലയിരുത്തി പരാമർശിതകാലയളവിലെ എസ്.പി.ഐ.ഒക്കെതിരെയുള്ള ശിക്ഷാനടപടികൾ അവസാനിപ്പിച്ച് **ഇന്നേദിവസം 2021 നവംബർ മാസം 30 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

ജി.എസ്